പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 10.08.2017-ൽ മറുപടിയ്ക്ക്

ചോദ്യം നം. 112

## മത്സ്യമേഖലയുടെ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി.കെ.നാണു<br>" കെ. കൃഷ്ണൻകുട്ടി<br>" എ. കെ. ശശീന്ദ്രൻ<br>" കോവൂർ കുഞ്ഞുമോൻ | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ദേശീയ മത്സ്യമേഖല സൂചിക തയ്യാറാക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തിൽ എന്തൊക്കെ നടപടികളാണ് സംസ്ഥാന മത്സ്യ ബന്ധന വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ദേശീയ മത്സ്യമേഖലാ സൂചിക തയ്യാറാക്കുന്നതിന് കേന്ദ്രസമുദ്ര മത്സ്യഗവേഷണ സ്ഥാപന (CMFRI) ത്തിനെയാണ് കേന്ദ്രസർക്കാർ നിയോഗിച്ചിരിക്കുന്നത്. ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, വിവിധ സംസ്ഥാനങ്ങൾ, എന്നിവിടങ്ങളിലെ മത്സ്യമേഖലാ വികസനത്തിന്റെ താരതമ്യ വിലയിരുത്തൽ നടത്തുകയാണ് മത്സ്യമേഖലാ സൂചിക കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | നീല സാമ്പത്തിക വികസനത്തിന് (ബ്ലൂ ഇക്കണോമി ഡവലപ്മെന്റ്) കേന്ദ്രസർക്കാർ ആവിഷ്കരിച്ച സാഗർ മാല പദ്ധതിയുടെ പ്രധാന പരിപാടികൾ എന്തൊക്കെയാണ്; സംസ്ഥാനത്തിന്റെ മത്സ്യമേഖല വികസനത്തിന് ഈ പദ്ധതിയെ എങ്ങനെയൊക്കെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) | പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ/ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ നിർമ്മാണം, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ/മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം എന്നിവയുടെ നവീകരണം, വികസനം എന്നിവയാണ് ബ്ലൂ റവല്യൂഷൻ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങളുടെ തുടർ നടത്തിപ്പിനും, വിപുലീകരണത്തിനും ടി ഹാർബറുകളിൽ നിന്നും ലഭിക്കുന്ന വരുമാനം പ്രയോജനപ്പെടുത്തണമെന്ന് ബ്ലൂ റവല്യൂഷനിൽ നിർദ്ദേശമുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ പ്രൊപ്പോസൽ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>1. അഴീക്കൽ മത്സ്യബന്ധന തുറമുഖ രണ്ടാം ഘട്ട വികസനം- 1440 ലക്ഷം രൂപ<br>2. താനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ നീളം കൂട്ടൽ - 1435 ലക്ഷം രൂപ<br>3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടൽ- 2240 ലക്ഷം രൂപ |
| (സി) | കേന്ദ്ര സർക്കാരിന്റെ പുതിയ സമുദ്ര മത്സ്യ നയം കേരളത്തിലെ മൽസ്യതൊഴിലാളി മേഖലയെയും പരമ്പരാഗത മത്സ്യ മേഖലയെയും ഏതൊക്കെ രീതിയിലാണ് | (സി) | 28/04/2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ മത്സ്യബന്ധന മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ |

| | | | |
|---|---|---|---|
| | ബാധിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | ഉണ്ടാകുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എൽ.ഒ.പി നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടു ണ്ടെങ്കിലും പി.പി.പി മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോ ഗ പ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം മൾട്ടിനാഷണൽ കമ്പനികൾക്ക് മത്സ്യമേഖല തുറന്ന് കൊടുക്കുന്നതിന് തുല്യമായിരിക്കും എന്ന് മത്സ്യത്തൊഴിലാളി മേഖലയിൽ ആശങ്കയുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്ന് വരുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും എന്ന ആശങ്കയും നിലനിൽക്കുന്നു. മത്സ്യമേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും, സംസ്ഥാന സർക്കാർ ചൂണ്ടിക്കാണിച്ചതുമായ പ ലകാര്യങ്ങളും കേന്ദ്രസർക്കാർ പരിഗണിക്കുകയുണ്ടായില്ല. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാരപരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്ന് പു നർക്രമീകരിക്കണമെന്നും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യബന്ധ നത്തിന് പ്രാപ്തരാക്കത്തക്കവിധമാണ് നയ രൂപീകരണം വേണ്ടതെന്നും, മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രസർക്കാരിന് കീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങളും പുതിയ ദേശീയ മത്സ്യനയത്തിൽ ഉൾപ്പെട്ടിട്ടില്ല.<br>ചെറുമത്സ്യങ്ങളെ പിടിച്ച് (ജൂവനൈൽ ഫിഷിംഗ്) വളത്തിനായും മറ്റും വിൽപന നടത്തുന്നത് തടയാൻ കേരള സംസ്ഥാനത്ത് MLS (Minimum Legal Size) നിശ്ചയിച്ച് നിയന്ത്രിച്ചു വരുന്നു. എന്നാൽ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകും വിധം ദേശിയ തലത്തിൽ തീരുമാനമുണ്ടായാലേ ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അക്കാര്യവും പുതിയ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. രാജ്യത്താകെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് മിനിമം സ്റ്റാന്റേർഡ്സ് നിശ്ചയിക്കണമെന്ന ആവശ്യവും പ രിഗണിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ